## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1789 — 14.07.2011-ൽ മറുപടിയ്ക്ക്

### പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി രൂപികരിക്കപ്പെട്ട സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| എ) | പാവപ്പെട്ടവർക്ക് ചികിത്സാ സഹായം നൽകുന്നതിനായി രൂപീകരിക്കപ്പെട്ട സൊസൈറ്റിയിൽ നിന്ന് 2001-2006 കാലയളവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; | എ) | 2530 രോഗികൾക്കായി 2001-06 കാലയളവിൽ 5,09,20,924/- രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഫണ്ടിൽ നിന്ന് 2006-11 കാലയളവിൽ എത്ര തുക അനുവദിച്ചു; | ബി) | 9821 രോഗികൾക്കായി 2006-11 കാലയളവിൽ 13,54,03,570/-രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | ഏതു തീയതി വരെ ലഭിച്ച അപേക്ഷകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ഇതിനായി ഏറ്റവും അവസാനം കമ്മറ്റിയോഗം ചേർന്നത് എന്നാണ്; | സി) | 31.3.2011 വരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അവസാന കമ്മറ്റി യോഗം (22-ാംഗവേണിംഗ് ബോഡി) 19.1.2011 നായിരുന്നു. |
| ഡി) | ഇപ്പോൾ നൽകി വരുന്ന സാമ്പത്തിക സഹായം എത്രയാണ്; വിശദമാക്കുമോ; | ഡി) | പേസ്മേക്കർ സ്ഥാപിക്കൽ, ആൻജിയോപ്ലാസ്റ്റി, ട്യൂമർറിസക്ഷനും പ്രോസ്തസിസും, ലംബാർ തൊറാസിക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ, |

| | | | |
|---|---|---|---|
| | | | കാൻസർ ശസ്ത്രക്രിയ, കീമോ തെറാപ്പി, റേഡിയേഷൻ, ഡയാലിസിസ് എന്നിവക്ക് 10,000/- രൂപ വീതവും മസ്തിഷ്ക ശസ്ത്രക്രിയ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ, വൃക്കമാറ്റി വക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വക്കുന്ന ശസ്ത്രക്രിയ എന്നിവക്ക് 20,000/- രൂപ വീതവും സാമ്പത്തിക സഹായം നൽകുന്നു. |
| ഇ) | ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ